**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 113** **29-01-2024 - ൽ മറുപടിയ്ക്ക്**

**പ്രതിപക്ഷ യുവജന സംഘടന പ്രസിഡന്റിന്റെ അറസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു പ്രതിപക്ഷ യുവജന സംഘടന പ്രസിഡന്റിനെ അറസ്റ്റ് ചെയ്യുന്നതിന് മുൻപ് സി.ആർ.പി.സി പ്രകാരമുള്ള 41A നോട്ടീസ് നൽകിയിരുന്നോ; എങ്കിൽ ഈ നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | നൽകിയിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം .

Serial No. 08/2024 — — — പോലീസ് സ്റ്റേഷൻ : കന്റോൺമെന്റ്

സ്വീകർത്താവ്

A 4) പത്തനം തിട്ട ജില്ലയിൽ അടൂർ താലൂക്കിൽ പെരിങ്ങാട് വില്ലേജിൽ മുണ്ടപ്പള്ളി വാർഡിൽ പാറക്കൂട്ടം ഭാഗത്ത് മുണ്ടപ്പള്ളി ആറ്റുവിളാകത്ത് വീട്ടിൽ താമസം, രാജേന്ദ്രകുറുപ്പ് മകൻ രാഹുൽ . ബി. ആർ. , @ രാഹുൽ മാങ്കൂട്ടത്തിൽ ,വയസ്സ് 34 (9447089966)

## Notice Under section 41(A) CrPC

കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് ഞാൻ അന്വേഷണം നടത്തി വരുന്ന ക്രൈം.നം. 1372/2023 U/Sec. 143,147,148,149, 109, 224, 225 B, 283,332,333,353,326 IPC, 77(I)(b) ,39,121 KP Act & Sec. 3(I) of PDPP Ac കേസ്സിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് വസ്തുതകളും സാഹചര്യങ്ങളും കണ്ടെത്തുന്നതിന് താങ്കളെ ചോദ്യം ചെയ്യാൻ ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെടുന്നതിനാൽ താങ്കൾ-09.01.2024 ാം തീയതി 09.30 Hrs ന് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ എന്റെ മുമ്പാകെ ഹാജരാകുവാൻ ക്രിമിനൽ നടപടിക്രമം 41 A വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് ഇതിനാൽ അറിയിക്കുന്നു.

താങ്കൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് :

a. താങ്കൾ ഭാവിയിൽ ഒരു കുറ്റകൃത്യത്തിലും ഉൾപ്പെടുവാൻ പാടില്ലാത്തതാണ്.
b. ഈ കേസ്സുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കാൻ പാടില്ലാത്തതാണ്.
c. ഈ കേസ്സിലെ സാക്ഷികളെ വസ്തുതകൾ വെളിപ്പെടുത്തുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനായി പ്രലോഭിപ്പിച്ചോ വാഗ്ദാനം നൽകിയോ ഭീഷണിപ്പെടുത്തിയോ താങ്കൾ സ്വാധീനിക്കാൻ പാടില്ലാത്തതാണ്.
d. ഈ കേസ്സിലേക്ക് ബഹുമാനപ്പെട്ട കോടതി ആവശ്യപ്പെടുന്ന സമയത്ത് താങ്കൾ ഹാജരാകേണ്ടതാണ്.
e. അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സമയത്ത് താങ്കൾ കേസ്സ് അന്വേഷണവുമായി സഹകരിക്കേണ്ടതാണ്.
f. കേസ്സിന്റെ ശരിയായ നിഗമനത്തിലെത്താൻ അന്വേഷണത്തിന്റെ ആവശ്യത്തിലേക്ക് പ്രസക്തമായ ഒരു ഭാഗവും മറച്ച് വെക്കാതെ താങ്കൾ എല്ലാ വസ്തുതകളും സത്യസന്ധമായി വെളിപ്പെടുത്തേണ്ടതാണ്.
g. അന്വേഷണത്തിന് ആവശ്യമായ എല്ലാ പ്രസക്തമായ രേഖകളും വസ്തുക്കളും താങ്കൾ ഹാജരാക്കേണ്ടതാണ്.
h. കേസ്സിലെ പ്രതികളെ കണ്ടെത്തുന്നതിന് താങ്കളുടെ പൂർണ്ണമായ സഹകരണം ഉണ്ടാവേണ്ടതാണ്.
i. ഈ കേസ്സിന്റെ അന്വേഷണത്തേയോ വിചാരണയേയോ തടസ്സപ്പെടുത്തുന്ന വിധത്തിൽ തെളിവുകൾ ഏതെങ്കിലും തരത്തിൽ നശിപ്പിക്കപ്പെടാൻ താങ്കൾ ഇടയാകരുത്.
j. കേസ്സിന്റെ വസ്തുതകളുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥന്റെ മറ്റു വ്യവസ്ഥകളും പാലിക്കാൻ താങ്കൾ ബാധ്യസ്ഥനാണ്.

ഈ നോട്ടീസിലെ നിബന്ധനകൾ പാലിക്കാത്ത പക്ഷം [illegible] നടപടി ക്രമം 41 A വകുപ്പ് 3,4 ഉപവകുപ്പുകൾ പ്രകാരം അറസ്റ്റ് ചെയ്യപ്പെടാൻ താങ്കൾ ബാധ്യസ്ഥനായിരിക്കുന്നതാണ്.

ദിൽജിത്ത്. എസ്. എസ്.
പോലീസ് സബ് ഇൻസ്പെക്ടർ
കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ
തിരുവനന്തപുരം സിറ്റി
09.01.2024